<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6308** **20.11.2019-ൽ മറുപടിക്ക്**

**സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതന വ്യവസ്ഥകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ടി.ജെ വിനോദ് : | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) | സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ വേതനം **20000** രൂപയായി നിജപ്പെടുത്തണമെന്നും ഇരുനൂറിനു മുകളിൽ കിടക്കകളുള്ള ആശുപത്രികളിൽ സർക്കാർ നേഴ്സിന് തുല്യമായ വേതനം ഇവർക്ക് നൽകണമെന്നും സുപ്രീംകോടതി നിയോഗിച്ച കമ്മിറ്റി ശിപാർശ നൽകിയിരുന്നോ; | (എ) | നൽകിയിരുന്നു. |
| (ബി) | പ്രസ്തുത ശിപാർശ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പിലാക്കാത്തതെന്ന് വെളിപ്പെടുത്താമോ; | (ബി) | സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെ മിനിമം വേതനം അലവൻസുകളുൾപ്പെടെ **20,000/-** രൂപയായി നിശ്ചയിച്ചുകൊണ്ട് സർക്കാർ മിനിമം വേതന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിജ്ഞാപനത്തിനെതിരെ ആശുപത്രി ഉടമകൾ ബഹു: ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്യുകയും WP(C) 25524/18, WP(C) 23406/18 എന്നീ കേസുകളിൽ ടി കേസിലെ കക്ഷികൾക്ക് സ്റ്റേ അനുവദിച്ചിട്ടുള്ളതുമാണ്. 10 കേസുകളിൽ മിനിമം വേതനം നടപ്പിലാക്കാത്ത തൊഴിലുടമകൾക്കെതിരെ **Coersive step** എടുക്കുന്നത് താൽകാലികമായി വിലക്കിക്കൊണ്ട് ബഹു: ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |

(സി) ഇതു സംബന്ധിച്ച് മിനിമം വേജസ് കമ്മിറ്റി എന്ത് തീരുമാനമാണ് എടുത്തതെന്ന് വിശദമാക്കുമോ;

(ഡി) സുപ്രീംകോടതി നിയോഗിച്ച കമ്മിറ്റി ശിപാർശ ചെയ്ത അടിസ്ഥാന ശമ്പളം സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(സി) യും (ഡി) യും സ്വകാര്യ ആശുപത്രി മിനിമം വേജസ് കമ്മിറ്റി, മേൽപ്പടി സുപ്രീംകോടതി നിയോഗിച്ച കമ്മിറ്റിയും ശിപാർശയുടെ കൂടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ മിനിമം വേതനം അലവൻസുകളടക്കം **20,000** രൂപയായി നിശ്ചയിക്കുന്നതിന് ശിപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശ പരിശോധിച്ച് സംസ്ഥാനത്ത് നഴ്സുമാരടക്കമുള്ള സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.